6. വയോജന വിദ്യാഭ്യാസം സംബന്ധിച്ച് ഒരു മാസികയും ഒരു വാർത്താ പത്രികയും ആരംഭിക്കുന്നതാണ്.

(ബി) ഉണ്ട്. സ്റ്റേറ്റ് തലത്തിൽ ഒരു സംസ്ഥാന വയോജന വിദ്യാഭ്യാസ ഓഫീസറും അസിസ്റ്റന്റ് ഓഫീസറും ഓഫീസ് സ്റ്റാഫും ഉള്ളതു കൂടാതെ ജില്ലാ തലത്തിൽ ഓരോ ജില്ലയ്ക്കും ഒരു വയോജന വിദ്യാഭ്യാസ ജില്ലാ ഓഫീസറും സ്റ്റാഫും കൂടി നിയമിച്ചു കഴിഞ്ഞിട്ടുണ്ട്.

ഭൂപണയ ബാങ്കുകളുടെ ഏരിയാ പുനർനിർണ്ണയം

*475 [499] ശ്രീ. കെ. കെ. എസ്. തങ്കം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും സഹകരണവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂപണയ ബാങ്കുകളുടെ ഏരിയാ പുനർനിർണ്ണയം ചെയ്യാൻ നടപടികൾ സ്വീകരിക്കുമോ;

(ബി) പുതിയ ബാങ്കുകൾ ആരംഭിക്കുന്നുണ്ടോ;

റവന്യൂവും സഹകരണവും വകുപ്പു മന്ത്രി (ശ്രീ. ബേബി ജോൺ):

(എ) ഭൂപണയ ബാങ്കുകളുടെ ഏരിയാ പുനർനിർണ്ണയം ചെയ്യുന്നതിന് ഇപ്പോൾ പദ്ധതികളൊന്നുമില്ല.

(ബി) പുതിയ ബാങ്കുകൾ ആരംഭിക്കുവാൻ അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ഇതിനു വേണ്ട സർവ്വേ റിപ്പോർട്ടും റിസർവ്വുബാങ്കിന്റെ അനുമതിയും ലഭിക്കുന്നതനുസരിച്ച് പുതിയ ബാങ്കുകൾ അനുവദിക്കുന്നതാണ്.

കൈക്കൂലികുറ്റത്തിനു പിരിച്ചുവിടപ്പെട്ടവർ

*476 [500] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) 1978-79 സാമ്പത്തിക വർഷത്തിൽ കാർഷികാദായ വിൽപ്പന നികുതി വകുപ്പിൽനിന്നും കൈക്കൂലി കുറ്റത്തിന് എത്ര പേരെപിരിച്ചു വിട്ടിട്ടുണ്ട്;

(ബി) അവർ ആരൊക്കെയാണ്?

ധനകാര്യ വകുപ്പു മന്ത്രി (ശ്രീ. എസ്. വരദരാജൻ നായർ):

(എ) 1978-79 സാമ്പത്തിക വർഷത്തിൽ കാർഷികാദായ വിൽപ്പന നികുതി വകുപ്പിൽനിന്നും കൈക്കൂലി കുറ്റത്തിന് ഒരാളെ പിരിച്ചുവിട്ടിട്ടുണ്ട്.

(ബി) ശ്രീ. എം. വാലാരി വിൽപ്പന നികുതി ഇൻസ്പെക്ടർ വിൽപ്പന നികുതി ചെക്ക്പോസ്റ്റ്, മുടന്താന്നി, തിരുവനന്തപുരം.

(iii) നക്ഷത്രചിഹ്നമിടാത്ത ചോദ്യോത്തരങ്ങൾ

അന്ധ-ബധിര-മൂക വിദ്യാലയങ്ങളിലെ ഹെഡ്മാസ്റ്റർ തസ്തികയിലേക്കുള്ള നിയമനം

854 [1311] ശ്രീ. എ. എൻ. യൂസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly